LIBRARY ARCHIVES Kerala Legislative Assembly

അത്യാധുനിക സാങ്കേതിക വിദ്യയുടെ ഉപയോഗം

7 (4334) ശ്രീ. കെ. എസ്. ശബരീനാഥൻ :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. കെ. മുരളീധരൻ :
ശ്രീ. എ. റ്റി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പി.എസ്.സി. നടത്തുന്ന പരീക്ഷകളുടെ മൂല്യനിർണ്ണയം കുറ്റമറ്റതാക്കുന്നതിനും വേഗത്തിലാക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; വിശദമാക്കുമോ ;

(ബി) ഇതിനായി അത്യാധുനിക സാങ്കേതികവിദ്യകൾ ഉപയോഗിക്കുന്നകാര്യം പരിഗണനയിലുണ്ടോ ; വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

(സി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദമാക്കുമോ ?

ഉത്തരം

(എ-സി) പരീക്ഷകളുടെ മൂല്യനിർണ്ണയും കുറ്റമറ്റതാക്കുന്നതിനും വേഗത്തിലാക്കുന്നതിനുമായി പരീക്ഷകൾ OMR രീതിയിൽ നടത്തുകയും മൂല്യനിർണ്ണയത്തിനായി ആധുനിക OMR Scanner ഉപയോഗിക്കുകയും ചെയ്തുവരുന്നു. പരീക്ഷാ നടത്തിപ്പ്, മൂല്യനിർണ്ണയം, റാങ്ക് പട്ടിക പ്രസിദ്ധീകരിക്കൽ എന്നിവ കൂടുതൽ വേഗത്തിലും കാര്യക്ഷമമായും നടപ്പിലാക്കുന്നതിന് Online പരീക്ഷാ രീതിയും ആരംഭിച്ചിട്ടുണ്ട്. ഇതിലേക്കായി തിരുവനന്തപുരം, എറണാകുളം, പത്തനംതിട്ട എന്നിവിടങ്ങളിൽ Online പരീക്ഷാ കേന്ദ്രങ്ങൾ പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. കോഴിക്കോട് ജില്ലയിലെ Online പരീക്ഷാ കേന്ദ്ര നിർമ്മാണം പുരോഗമിക്കുകയാണ്.

എൽ. ഡി. ടൈപ്പിസ്റ്റ് ഒഴിവുകൾ

8 (4335) പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിവിധ വകുപ്പുകളിൽ എൽ.ഡി. ടൈപ്പിസ്റ്റ് ഒഴിവുകൾ നിലവിലുണ്ടോയെന്ന വ്യക്തമാക്കാമോ ;

(ബി) ജില്ലാതലത്തിലും ഹെഡ്ക്വാർട്ടേഴ്സ് തലത്തിലും ഉള്ള ഒഴിവുകളുടെ എണ്ണം ഇനം തിരിച്ചു ലഭ്യമാക്കുമോ ;

(സി) പ്രസ്തുത ഒഴിവുകളെല്ലാം റിപ്പോർട്ട് ചെയ്തിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

പി.എസ്.സി.-യിലെ അഴിമതിയും ഉദ്യോഗാർത്ഥികൾ നേരിടുന്ന പ്രശ്നങ്ങളും

9 (4336) ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പി.എസ്.സി. എന്ന ഭരണഘടനാ സ്ഥാപനത്തിലെ കെടുകാര്യസ്ഥതയും അഴിമതിയും സംബന്ധിച്ച് സംസ്ഥാനത്തെ ഉദ്യോഗാർത്ഥികൾ നേരിടുന്ന പ്രശ്നങ്ങൾ സംബന്ധിച്ചും ഇവയ്ക്ക് പ്രശ്ന പരിഹാരം നടക്കാത്തതുമൂലവും ബഹു. ഗവർണർ തന്നെ തനിക്കു ലഭിച്ച പരാതികളിന്മേൽ അന്വേഷണവും റിപ്പോർട്ടും ആവശ്യപ്പെട്ടുന്നത് ഇതിനുമുൻപ് ഉണ്ടായിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ; ഉണ്ടെങ്കിൽ ഏതു കാലഘട്ടത്തിൽ ;

(ബി) 2011 മുതൽ 2015 വരെ പി.എസ്.സി.-ക്ക് ലഭിച്ച കേന്ദ്ര/സംസ്ഥാന ഫണ്ടുകളിൽ വകമാറ്റി ചെലവാക്കിയ തുക എത്രയെന്നു വ്യക്തമാക്കാമോ ; അവയ്ക്ക് സർക്കാർ അനുമതി ലഭിച്ചുവോ എന്നും സർക്കാർ മാനദണ്ഡങ്ങൾ ലംഘിച്ച പദ്ധതി/പദ്ധതിയിതര വിഹിതം വിനിയോഗിച്ച കേസ്സുകൾ ഏതെല്ലാം എന്നും വർഷം തിരിച്ച് വ്യക്തമാക്കുമോ ;

(സി) പി.എസ്.സി. 2011 മുതൽ 2015 വരെ ഓരോ വർഷവും ഓൺലൈൻ പരീക്ഷാ കേന്ദ്രങ്ങൾ എവിടെല്ലാം തുടങ്ങി ; എത്ര എണ്ണം ഇപ്പോൾ പണിപ്പുരയിലാണ് ; ഇവയ്ക്കോരോന്നിനും പ്രതീക്ഷിച്ച തുക എത്ര ; ചെലവായ തുക എത്ര ; ഓരോ കേന്ദ്രത്തിന്റേയും പണി നടത്തിയവർ ആരെല്ലാം (സ്ഥാപനം) എന്നിവ വ്യക്തമാക്കുമോ ;

(ഡി) പി.എസ്.സി. പരീക്ഷയ്ക്ക് ഒരു വിദ്യാർത്ഥിക്ക് എത്ര രൂപ ചെലവാണ് പി.എസ്.സി.-യുടെ നിലനിൽക്കുന്ന പരീക്ഷാ സമ്പ്രദായത്തിനുള്ളത് ഓൺലൈൻ ആയാൽ പി.എസ്.സി. പ്രതീക്ഷിക്കുന്ന പരീക്ഷാ ചെലവ് എത്ര ; ഇപ്പോൾ തുടങ്ങിയ ഓൺലൈൻ കേന്ദ്രങ്ങൾക്ക് ചെലവായ തുക എത്ര ; പണികൾ നടത്തിയവർ ആരെല്ലാം (കമ്പനി ഉൾപ്പെടെ) പ്രസ്തുത കേന്ദ്രങ്ങളിൽ പരീക്ഷ എഴുതുവാനെത്തുന്ന ഉദ്യോഗാർത്ഥിക്ക് ഉണ്ടാകുന്ന (പി.എസ്.സി. കണക്കു പ്രകാരമുള്ള) ചെലവ് എത്ര ; വ്യക്താക്കുമോ ;

(ഇ) നിലവിൽ പ്രവർത്തനമാരംഭിച്ച ഓൺലൈൻ സെൻറുകളിൽ ഒരു ദിവസം എത്ര ഉദ്യോഗാർത്ഥികൾക്ക് പരീക്ഷ എഴുതുവാൻ കഴിയും ; മറ്റു സ്ഥാപനങ്ങളെ ഇതിനായി പി.എസ്.സി. ഉപയോഗിക്കുന്നുവോ ; ഓരോ വർഷവും ഇതിനായി എത്ര തുക ചെലവു വരും ; മറ്റു സ്ഥാപനങ്ങൾ വാടകയ്ക്കുപയോഗിക്കുന്നതിന് എത്ര ചെലവു വരും ; ഇവ വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly